**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1180** **29-06-2026-ൽ മറുപടിയ്ക്ക്**

**സമം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ലിംഗപദവി സമത്വം ലക്ഷ്യമാക്കി മുൻ സർക്കാർ ആവിഷ്കരിച്ച 'സമം' പദ്ധതി ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:**

| |
|---|
| 02/09/2021 ലെ സ.ഉ(എം. എസ്) 20/2021/ സാംകവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സമം പദ്ധതിക്കായി സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. ആദ്യ ഘട്ടത്തിൽ കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, ചലച്ചിത്ര അക്കാഡമി, മലയാളം മിഷൻ, ഭാരത് ഭവൻ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സാംസ്കാരിക സ്ഥാപനങ്ങളെ ടി പദ്ധതിയുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരുന്നു . തുടർന്ന് ടി പദ്ധതിയിൽ ജില്ലാ പഞ്ചായത്തുകളെയും യൂത്ത് വെൽഫെയർ ബോർഡ്, യുവജന കമ്മീഷൻ, നെഹ്റു യുവ കേന്ദ്ര, NSS, NCC, SPC എന്നീ യുവജന സ്ഥാപനങ്ങളെയും പങ്കാളികളാക്കിയിരുന്നു. എന്നാൽ 04.03.2025-ലെ സ.ഉ(സാധാ)നം.107/2025/സാം.ക.വ നം സർക്കാർ ഉത്തരവ് പ്രകാരം സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ഫോക് ലോർ അക്കാദമിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സമം-സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം പദ്ധതിയുടെ ഭാഗമായി മൂന്ന വർഷങ്ങളിലായി കലാലയ വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം ഫെസ്റ്റ്, ചെറുകഥാ ക്യാമ്പ്, വനിതഫോട്ടോഗ്രാഫി ക്യാമ്പ്, ഡോക്യുമെന്ററി നിർമ്മാണം, അന്താരാഷ്ട്ര വനിത ദിനാചരണം, കലാ സാംസ്കാരിക ബോധവത്കരണ പരിപാടി, വനിത സംഗമം, സുപ്രീം കോടതി പുറത്തിറക്കിയ ഹാൻഡ് ബുക്ക് ഓൺ കോംബാറ്റിംഗ് ജെൻഡർ സ്റ്റീരിയോ ടൈപ്പ് എന്നതിലെ മലയാളം പരിഭാഷ പതിപ്പിനായി സംഘടിപ്പിച്ച ശില്പശാല, സമം മൈക്രോ ഫിലിം ഫെസ്റ്റിവൽ, കണ്ണൂർ, കാസറഗോഡ് ജില്ലാ പഞ്ചായത്തുകൾ സംഘടിപ്പിച്ച സമം ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ടി കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** സമം-സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം പദ്ധതിയുടെ ഭാഗമായി മൂന്ന വർഷങ്ങളിലായി കലാലയ വിദ്യാർത്ഥികൾക്കായി ഷോർട്ട് ഫിലിം ഫെസ്റ്റ്, ചെറുകഥാ ക്യാമ്പ്, വനിതഫോട്ടോഗ്രാഫി ക്യാമ്പ്, ഡോക്യുമെന്ററി നിർമ്മാണം, അന്താരാഷ്ട്ര വനിത ദിനാചരണം, കലാ സാംസ്കാരിക ബോധവത്കരണ പരിപാടി, വനിത സംഗമം, സുപ്രീം കോടതി പുറത്തിറക്കിയ ഹാൻഡ് ബുക്ക് ഓൺ കോംബാറ്റിംഗ് ജെൻഡർ സ്റ്റീരിയോ ടൈപ്പ് എന്നതിലെ മലയാളം പരിഭാഷ പതിപ്പിനായി സംഘടിപ്പിച്ച ശില്പശാല, സമം മൈക്രോ ഫിലിം ഫെസ്റ്റിവൽ, കണ്ണൂർ, കാസറഗോഡ് ജില്ലാ പഞ്ചായത്തുകൾ സംഘടിപ്പിച്ച സമം ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ടി കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**